(ബി) ഇതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുന്ന കർഷകർക്ക് അധിക സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കർഷകർക്ക് നൽകാനുദ്ദേശിക്കുന്ന അധിക സാമ്പത്തിക സഹായ പദ്ധതിക്ക് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ ; പ്രസ്തുത തുക എപ്രകാരം ഉപയോഗിക്കുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുന്ന കർഷകർക്ക് ഇപ്പോൾ എന്തു തുകയുടെ സാമ്പത്തിക സഹായമാണ് ആകെ നൽകി വരുന്നതെന്ന് വെളിപ്പെടുത്താമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കൂടുതൽ ഊർജ്ജസ്വലമായി ഇപ്പോൾ നടപ്പാക്കി വരുകയാണ്.

(ബി) മുൻ ഗവൺമെന്റ് നടപ്പാക്കാതിരുന്ന ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പുനർജീവിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 1000 ലക്ഷം രൂപയും കേന്ദ്ര പദ്ധതി പ്രകാരം 1487.5 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 250 രൂപയായിരുന്ന ഉല്പാദന ബോണസ്സ് 350 രൂപയായി വർദ്ധിപ്പിച്ചു. ഇതിനു പുറമേ ഇപ്പോൾ ഹെക്ടറിന് 1050 രൂപ നിരക്കിൽ ഉല്പാദന സഹായം നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ നെൽകൃഷി പുതിയ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കുന്നവർക്ക് ഹെക്ടറിനു 1000 രൂപ നിരക്കിൽ അധിക സാമ്പത്തിക സഹായം നൽകുന്നു.

(ഡി) കൃഷി ചെയ്യുന്ന ഓരോ ഹെക്ടറിനുമാണ് മേൽപ്പറഞ്ഞ സഹായം നൽകുന്നത്. ഇതു എല്ലാ കർഷകർക്കും ലഭ്യമാണ്. ഉൽപ്പാദനോപാധികൾക്കുള്ള സഹായമായിട്ടാണ് ഈ തുക നൽകുന്നത്.

(ഇ) ഉത്തരം 'സി' യിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സബ്സിഡി

5 (*213) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ കൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സബ്സിഡിയോ മറ്റെന്തെങ്കിലും ആനുകൂല്യമോ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അക്കാര്യം വിശദീകരിക്കാമോ ;

(സി) കാർഷികാവശ്യങ്ങൾക്ക് കർഷകർക്ക് നൽകിവരുന്ന വൈദ്യുതി സബ്സിഡി പിൻവലിക്കുമെന്ന് സംസ്ഥാന ഗവൺമെന്റ് ലോക ബാങ്കിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ&ബി) ഉണ്ട്. നെൽകൃഷിക്ക് പരിധിയില്ലാതെയും ഇതര കൃഷികൾക്ക് 2 ഹെക്ടർ പരിധിവെച്ചും കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ചാർജ്ജ് സൗജന്യമായി സർക്കാർ നൽകുന്നുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല. (സി. യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ)

കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്ക്കരിക്കാൻ നടപടി

6 (*214) ശ്രീ.പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി എൻ. കെ. രാധ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിട നികുതി ഏറ്റവും അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്ന് ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നികുതി നിർണ്ണയ സമ്പ്രദായം അശാസ്ത്രീയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കെട്ടിട നികുതി നിർണ്ണയ സമ്പ്രദായം കാലോചിതമായി പരിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കെട്ടിട നികുതി കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതിനു പകരം നികുതി ചോർച്ച തടയുകയാണ് വേണ്ടതെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ ശാസ്ത്രീയമായ ഒരു നികുതി നിർണ്ണയ ക്രമം നടപ്പിലാക്കിയാൽ കെട്ടിട നികുതി വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) സംസ്ഥാനത്തെ കെട്ടിട നികുതി നിർണ്ണയം ശാസ്ത്രീയ അടിസ്ഥാനത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 1994 - കേരള മുനിസിപ്പാലിറ്റി ആക്ടും 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ടും അനുസരിച്ച് ഇതുവരെ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ മുൻകാലങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്ത അതേ തോതിൽ പിരിക്കുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. മുമ്പ് നിലവിലിരുന്ന നിയമമനുസരിച്ച് ഓരോ നഗരസഭയും കൗൺസിൽ തീരുമാനപ്രകാരം അഞ്ചു വർഷത്തിലൊരിക്കലാണ് വസ്തു നികുതി പുനർ നിർണ്ണയം ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly